## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4236.** **19.10.2011-ൽ മറുപടിക്ക്**

## അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കാൻ സംവിധാനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) കെട്ടിട നിർമ്മാണം, ഹോട്ടൽ ജോലി തുടങ്ങിയ തൊഴിൽ മേഖലയിൽ അന്യസംസ്ഥാനത്ത് നിന്ന് ഒട്ടേറെപേർ സംസ്ഥാനത്ത് എത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇവരിൽ ചിലർ അക്രമവാസനയും ക്രിമിനൽ പശ്ചാത്തലവും ഉള്ള വരാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) പരിശോധിച്ചിട്ടില്ല. |
| (സി) എങ്കിൽ ഇവരെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള ഔദ്യോഗിക സംവിധാനം എന്താണ്; | (സി) അന്യസംസ്ഥാനത്തുനിന്നും ഇവിടെ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളെയും അന്യസംസ്ഥാന തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യാനുള്ള നടപടി ആരംഭിച്ചു. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ആഭ്യന്തര വകുപ്പിന് പരിശോധനയ്ക്കായി കൈമാറാറുണ്ട്. |
| (ഡി) സംസ്ഥാനത്ത് കണ്ടുവരുന്ന പകർച്ചവ്യാധികളിൽ പലതും ഇവിടെയെത്തുന്നത് ഇത്തരം അന്യസംസ്ഥാന തൊഴിലാളികളിലൂടെയാണെന്ന ആരോഗ്യ വകുപ്പിന്റെയും ബന്ധപ്പെട്ട ഏജൻസികളുടെയും പഠന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ